**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2163** **06-07-2022 - ൽ മറുപടിയ്ക്ക്**

**പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പബ്ലിക് ഹെൽത്ത് ലബോറട്ടറിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച് സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് നിലവിൽ 9 പബ്ലിക് ഹെൽത്ത് ലബോറട്ടറികളാണ് പ്രവർത്തിച്ചു വരുന്നത് . (സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലബോറട്ടറി, തിരുവനന്തപുരം, റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി എറണാകുളം, കോഴിക്കോട്, കണ്ണൂർ, പത്തനംതിട്ട, ജില്ലാ പബ്ലിക് ഹെൽത്ത് ലബോറട്ടറി കൊല്ലം, ആലപ്പുഴ, വയനാട്, മലപ്പുറം). 2010 വരെ 5 ലബോറട്ടറികളാണ് നിലവിലുണ്ടായിരുന്നത്. 2010 ൽ കണ്ണൂർ റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി പ്രവർത്തനം ആരംഭിച്ചു. 2018-19 കാലയളവിൽ റീജിയണൽ പബ്ലിക് ഹെൽത്ത് ലബോറട്ടറി പത്തനംതിട്ട, ഡിസ്ട്രിക്റ്റ് പബ്ലിക് ഹെൽത്ത് ലബോറട്ടറി മലപ്പുറം, വയനാട് എന്നീ 3 ലാബുകൾ കൂടി നിലവിൽ വന്നു. 2023 ഓടു കൂടി പാലക്കാട്, തൃശൂർ, കോട്ടയം, കാസർഗോഡ് എന്നീ ജില്ലകളിലും ലാബുകൾ പ്രവർത്തനം ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ആന്റ് ക്ലിനിക്കൽ ലബോറട്ടറി National Vector Borne Disease Control Programme ന്റെ Apex referral laboratory ആണ്. National Viral Hepatitis Control Programme, National Rabies Control Programme, National Leptospirosis Control Programme, WHO-VPD (Vaccine Preventable Disease Testing) എന്നീ ദേശീയ പ്രോഗ്രാമുകളുടെയും State Referral Laboratory കൂടി ആണ്. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബും 3 റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളുമാണ് (എറണാകുളം, കോഴിക്കോട്, കണ്ണൂർ) കേരളത്തിൽ New Born Screening Programme നടപ്പിലാക്കുന്നത്. കൂടാതെ എല്ലാ പബ്ലിക് ഹെൽത്ത് |

| | | | |
|---|---|---|---|
| | | | ലാബുകളും Hormone Assay, PCR പോലുള്ള Special and Advanced ടെസ്റ്റുകളും നടത്തുന്നുണ്ട്. |
| (ബി) | പ്രസ്തുത ലബോറട്ടറികളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളുടെ പോരായ്മകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) | പബ്ലിക് ഹെൽത്ത് ലബോറട്ടറികളിൽ നിന്നും പൊതുജനങ്ങൾക്ക് ഏറ്റവും നല്ല രീതിയിലുള്ള സേവനം ലഭ്യമാക്കാൻ ആരോഗ്യവകുപ്പ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് എല്ലാവിധ പരിശോധനകളും സൗജന്യമായാണ് ലഭ്യമാക്കുന്നത്. എ.പി.എൽ. വിഭാഗത്തിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള നാമമാത്രമായ ഫീസാണ് ഈടാക്കുന്നത്. Haematology, Clinical Pathology, Biochemistry, Bacteriology, Secology, Hormone Assay, Cytology വിഭാഗങ്ങളിൽപ്പെടുന്ന ലബോറട്ടറി പരിശോധനകൾ പബ്ലിക് ഹെൽത്ത് ലാബുകളിലൂടെ ലഭ്യമാക്കുന്നു. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലബോറട്ടറിയിൽ നിന്നും ഹിസ്റ്റോ പരിശോധനയും ലഭ്യമാക്കുന്നുണ്ട്. |
| (സി) | പരിശോധനാഫലങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനും അവ യഥാസമയം നൽകുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (സി) | നിലവിൽ എല്ലാ പബ്ലിക് ഹെൽത്ത് ലാബുകളിലും Haematology, Biochemistry, Hormone Assay, Microbiology എന്നീ പരിശോധനകൾക്കായി ഗുണനിലവാരമുള്ള Automated അനലൈസറുകൾ ലഭ്യമാണ്. പരിശോധനകൾക്കാവശ്യമായ Internal Quality Control, External Quallity Assurance (CMC Vellore, BIORAD Programme) എന്നിവ വഴി നടപ്പാക്കുന്നുണ്ട്. എല്ലാ പബ്ലിക് ഹെൽത്ത് ലാബുകളും സമയബന്ധിതമായി പരിശോധനഫലം ലഭ്യമാക്കുന്നുണ്ട്. 8.30 am മുതൽ 1 pm വരെ സാമ്പിൾ കളക്ഷനും 2.30 pm മുതൽ 4.30 pm വരെ റിസൾട്ടുകളും നൽകി വരുന്നു. |
| (ഡി) | റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകൾ പുതുതായി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | പാലക്കാട് റീജിയണൽ പബ്ലിക് ഹെൽത്ത് ലാബും, തൃശ്ശൂർ, കോട്ടയം, കാസർഗോഡ് എന്നീ ജില്ലകളിലെ ജില്ലാ പബ്ലിക് ഹെൽത്ത് ലാബുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ